**2025 ഒക്ടോബർ 29 ബുധൻ, 4.30 PM ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കില മുപ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്**

കില-യുടെ മുപ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2025 ഒക്ടോബർ 29-ന് വൈകുന്നേരം 4 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേരുകയുണ്ടായി. കില എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സണും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ശ്രീമതി.ടിങ്കു ബിസ്വാൾ ഐ.എ.എസ് യോഗത്തിന്റെ അധ്യക്ഷത വഹിച്ചു.

**ഹാജർ (യോഗത്തിൽ പങ്കെടുത്തവർ)**

1. ശ്രീമതി ടി. വി. അനുപമ ഐ.എ.എസ്,
   സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
2. ശ്രീമതി അപൂർവ ത്രിപാഠി ഐ.എ.എസ്,
   ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ നിസാമുദ്ദീൻ.എ ഐ.എ.എസ് ,
   ഡയറക്ടർ ജനറൽ, കില
5. ശ്രീ ബാലഗോപാൽ പി. സി,
   അഡീഷണൽ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
   തദ്ദേശസ്വയംഭരണ വകുപ്പ്

**തീരുമാനങ്ങൾ**

**ഐറ്റം നമ്പർ 01**

2025 മെയ് 22, 11.30 AM, തദ്ദേശ സ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന കിലയുടെ ഇരുപത്തിയൊമ്പതാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

അംഗീകരിച്ചു

**ഐറ്റം നമ്പർ 02**

മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളിലെടുത്ത നടപടി സംബന്ധിച്ച വിശദാംശങ്ങൾ

**തീരുമാനം**

22.05.2025 ലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങളിൽ കൈക്കൊണ്ട നടപടികൾ കമ്മിറ്റി വിലയിരുത്തി തൃപ്തി രേഖപ്പെടുത്തി.

**ഐറ്റം നമ്പർ 3**

2024-25 സാമ്പത്തിക വർഷത്തിലെ വരവ് ചെലവു കണക്കും ഓഡിറ്റ് റിപ്പോർട്ടും

**തീരുമാനം**

അംഗീകരിച്ചു

**ഐറ്റം നമ്പർ 4**

2025-26 വർഷത്തെ ഓഡിറ്ററുടെ നിയമനം

**തീരുമാനം**

2025-26 സാമ്പത്തിക വർഷത്തെ കിലയുടെ കണക്കുകൾ ഓഡിറ്റ് നടത്തുന്നതിനും സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ് അംഗീകരിച്ച് റിപ്പോർട്ട് നൽകുന്നതിനുമായി M/s. Sasi Vijayan & Rajan ചാർട്ടേഡ് അക്കൗണ്ടന്റ് ഫേമിനെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അതേ നിരക്കിൽ നിയമിക്കുന്നതിനു തീരുമാനിച്ചു.

**ഐറ്റം നമ്പർ 5**

കിലയുടെ 01.04.2020 മുതൽ 31.03.2025 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്

**തീരുമാനം**

ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ചു കില നൽകിയ മറുപടി കമ്മിറ്റിയുടെ അറിവിലേക്കായി സമർപ്പിച്ചത് വിലയിരുത്തി.

**ഐറ്റം നമ്പർ 6**

Central Board of Indirect Tax and Customs നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസിന്മേൽ Department of Customs and Excise and Service Tax Banglore ലുള്ള Appellate Tribunal മുമ്പാകെ സമർപ്പിച്ചിട്ടുള്ള അപ്പീലിന്മേൽ ഹിയറിംഗ് സംബന്ധിച്ച്.

**തീരുമാനം**

ഹിയറിംഗിൽ കിലക്ക് വേണ്ടി ഹാജരാകുന്നതിനു ടി കേസുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ കിലക്ക് വേണ്ടി ഹാജരായിരുന്നതും അപ്പീൽ രേഖകൾ തയ്യാറാക്കിയ കൺസൾട്ടന്റ് Sri. D. S. Sreeganesh, Chartered Accountant, TARA 181, Kunnukuzhi, Trivandrum-695035 ചുമതലപ്പെടുത്തുകയും തുടർനടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നത് അറിയിച്ചത് കമ്മിറ്റി വിലയിരുത്തി.

<u>ഐറ്റം നമ്പർ 7</u>

പങ്കാളിത്ത പെൻഷൻ പദ്ധതി (എൻ.പി.എസ്)

<u>തീരുമാനം</u>

കിലയിൽ 1993 മുതൽ EPF പദ്ധതി നിലവിലുണ്ടായിരുന്നുവെന്നും, തുടർന്ന് 2014 ലെ സർക്കാർ ഉത്തരവനുസരിച്ച് 01.04.2013ന് ശേഷം സേവനത്തിൽ പ്രവേശിച്ചവർക്ക് NPS ബാധകമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല എന്നതിനാൽ, വിഷയവുമായി ബന്ധപ്പെട്ട വിവിധ കത്തിടപാടുകൾ, ധനകാര്യ വകുപ്പിന്റെ നടപടികൾ, ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ, ജീവനക്കാർ ബഹുമാനപെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത കേസ്, ബന്ധപെട്ട താൽക്കാലിക ഉത്തരവ് എന്നിവ കമ്മിറ്റിക്ക് മുന്നിൽ വിശദീകരിച്ചു.

ടി വിഷയത്തിൽ വ്യക്തത ലഭിക്കുന്നതിനായി സർക്കാരിലേക്ക് സമർപ്പിച്ച കത്തിൻമേൽ ലഭിക്കുന്ന സർക്കാർ തീരുമാനം അനുസരിച്ചു തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

<u>ഐറ്റം നമ്പർ 8</u>

കിലയിലെ എക്സ്റ്റൻഷൻ ഫാക്കൽറ്റി/ റിസോഴ്സ് പെർസൺമാരുടെ ഹോണറേറിയം വർധിപ്പിക്കുന്നത് സംബന്ധിച്ച്

<u>തീരുമാനം</u>

കിലയുടെ വിവിധ പരിശീലന പരിപാടികൾക്ക് ചുരുങ്ങിയത് 1¼ മണിക്കൂറുള്ള ഒരു സെഷന് **1000** രൂപയും, രണ്ടോ അതിൽ കൂടുതലോ സെഷന് **2000** രൂപയും, ഒരു റിസോഴ്സ് പേഴ്സന് പരമാവധി ഒരു ദിവസം **2000** രൂപയും ആയി പുതുക്കി നിശ്ചയിക്കുന്നതിന് അംഗീകാരം നൽകി.

<u>ഐറ്റം നമ്പർ 9</u>

കില ലാന്റ് അക്വിസിഷൻ - അപ്പീൽ കേസുകൾ - ബഹു.സുപ്രീം കോടതിയുടെ അപ്പീൽ വിധി തുടർനടപടികൾ -സംബന്ധിച്ച്

<u>തീരുമാനം</u>

റിപ്പോർട്ട് വിലയിരുത്തി. സ്വീകരിച്ച നടപടികൾ സാധൂകരിച്ചു,

<u>ഐറ്റം നമ്പർ 10</u>

പ്രതിമാസം **21,000/-** രൂപ വരെ ശമ്പളപരിധിക്കുള്ളിൽ വരുന്ന താല്ക്കാലിക/സ്ഥിരം തസ്തികകളിലെ ജീവനക്കാർക്ക് ഇ.എസ്.ഐ.ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്- സംബന്ധിച്ച്

<u>തീരുമാനം</u>

ഇ.എസ്.ഐ യുടെ പ്രത്യേക ഒറ്റത്തവണ സംരംഭമായ SPREE 2025 മുഖേന ഇ.എസ്.ഐ പദ്ധതി സ്ഥാപനത്തിൽ ആരംഭിക്കുന്നതിനു അംഗീകാരം നൽകി.

**ഐറ്റം നമ്പർ 11**

കിലയിൽ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച്

**തീരുമാനം**

കില HR പോളിസിയിൽ നിലവിലുള്ള അപാകതകൾ CMD മുഖേന പരിശോധിക്കുന്നതിനു നിർദേശം നൽകി.

അക്കാദമിക് വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിലേക്ക് HR പോളിസി പ്രകാരം നിയമനം നടത്തുന്നതിനു നിർദേശിച്ചു.

**ഐറ്റം നമ്പർ 12**

കില – ബോർവെൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

ടി പ്രവൃത്തി നിർവഹിക്കുന്നതിന് അനുമതി നൽകി.

**ഐറ്റം നമ്പർ 13**

കില - ട്രെയിനിംഗ് (അക്കാദമിക്) ബ്ലോക്ക്, ലൈബ്രറി കെട്ടിടം എന്നിവയിലെ ചോർച്ച തടയുന്നതിലേക്കായി നിർമ്മിതി കേന്ദ്ര മുഖേന ട്രസ് വർക്ക് (Sheet roofing work) ചെയ്യുന്നത് – സംബന്ധിച്ച്

**തീരുമാനം**

ടി പ്രവൃത്തികൾ നിർവഹിക്കുന്നതിന് അനുമതി നൽകി.

**ഐറ്റം നമ്പർ 14**

കില സി.എച്ച്.ആർ.ഡിയിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്തു വരവെ 18.06.2024-ന് മരണപ്പെട്ട രാജേഷ്ബാബുവിന്റെ മരണാനന്തര ആനുകൂല്യത്തിൽപ്പെടുന്ന ഗ്രാറ്റ്വിറ്റി തുക നോമിനിക്ക് അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

ഗവേർണിംഗ് കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും കൗൺസിലിന്റെ

തീരുമാനത്തിന് വിധേയമായി നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**ഐറ്റം നമ്പർ - 15**

കില -കിഫ്ബി പ്രോജെക്ടിൽ കൺസൾട്ടൻസി സ്റ്റാഫുകളുടെ നിയമനവും, പദ്ധതി നിർവ്വഹണവും സംബന്ധിച്ച റിപ്പോർട്ട്

**തീരുമാനം**

റിപ്പോർട്ട് വിലയിരുത്തി. പ്രവർത്തനപുരോഗതിയിൽ തൃപ്തി രേഖപ്പെടുത്തി.

**ഐറ്റം നമ്പർ 16**

ഓഫീസ് പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനായി ഡയറക്ടർ ജനറൽ സ്വീകരിച്ച നടപടികളുടെ/ഉത്തരവുകളുടെ സാധൂകരണം – സംബന്ധിച്ച്.

A. Overseer Electrical, Electrician cum AV Assistant, Plumber cum Campus Assistant എന്നീ തസ്തികകളിലേക്കുള്ള നിയമനനടപടി
B. കില ജീവനക്കാർക്ക് 11-ാം ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ച അപേക്ഷ
C. ശമ്പളപരിഷ്കരണ ഉത്തരവിൽ വന്ന അപാകത/അനോമലി
D. കില സർവീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ – സംബന്ധിച്ച്
E. കിലയിൽ ക്ഷാമബത്ത/ക്ഷാമാശ്വാസം വർദ്ധിപ്പിച്ച നടപടി
F. കില ജീവനക്കാരുടെ 1998–2014 കാലഘട്ടത്തിലെ ഇ.പി.എഫ് തുക ഒടുക്കിയത് – സംബന്ധിച്ച്
G. കില – തദ്ദേശഭരണ ഘടകസ്ഥാപനങ്ങളുടെയും ഇതര സർക്കാർ സ്ഥാപനങ്ങളുടെയും I.S.O. കൺസൾട്ടൻസി ഫീസ് പുതുക്കി നിശ്ചയിച്ചത് – സംബന്ധിച്ച്

**തീരുമാനം**

സാധൂകരിച്ചു.

**ഐറ്റം നമ്പർ 17**

കേരള യൂണിവേഴ്സിറ്റിയുടെ M.Com Programme with Specialisation in Rural Management, M.Sc in Demography/Demography and Biostatistics എന്നീ രണ്ട് കോഴ്സുകൾ കിലയുടെ വിവിധ പ്രോജക്ട് നിയമനങ്ങളിൽ യോഗ്യതയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

<u>തീരുമാനം</u>

അംഗീകരിച്ചു

<u>**ഐറ്റം നമ്പർ 18**</u>

കില ഐ.പി.പി.എൽ പ്രവർത്തനം – സംബന്ധിച്ച്

A. കില ഐ.പി.പി.എൽ പി.ജി പ്രോഗ്രാമുകളുടെ സെമസ്റ്റർ ട്യൂഷൻ ഫീ പുനപരിശോധിക്കുന്നത് സംബന്ധിച്ച്

<u>തീരുമാനം:</u>

നിശ്ചയിച്ച ട്യൂഷൻ ഫീ 15000 രൂപ തന്നെ ഈടാക്കണമെന്നു തീരുമാനിച്ചു.

B) കില ഐ.പി.പി.എൽ കോളേജിന് പ്രത്യേക നീക്കിവെപ്പും ഹെഡ് ഓഫ് അക്കൗണ്ടും ആരംഭിക്കുന്നത് സംബന്ധിച്ച്

<u>തീരുമാനം</u> :

ബജറ്റിൽ ഐ.പി.പി.എൽ കോളേജിനു പ്രത്യേക ഹെഡ്-ഓഫ്-അക്കൗണ്ട് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാരിനോടും ആസൂത്രണ ബോർഡിനോടും ആവശ്യപ്പെടുന്നതിനു അനുമതി നൽകി

C) കിലയുടെ ബൈലോയിലും ചട്ടങ്ങളിലുമുള്ള ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്

<u>തീരുമാനം</u> :

നിലവിലുള്ള കിലയുടെ ആവശ്യങ്ങളുടെ വിവിധ വശങ്ങൾ പഠന വിധേയമാക്കി കിലയുടെ ബൈലോയിൽ ആവശ്യമായ ഭേദഗതികൾ ശുപാർശ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു:

1. രജിസ്ട്രാർ, കില - ചെയർപേഴ്സൺ
2. പ്രിൻസിപ്പൽ, KILA-CHRD, കൊട്ടാരക്കര
3. ഡോ. അജിത് കാളിയത്ത്, പ്രൊഫസർ, അർബൻ ചെയർ
4. ഡോ. അശോകൻ എ, ഡയറക്ടർ, കില ഐ.പി.പി.എൽ തളിപറമ്പ
5. ഡോ. മോനിഷ് ജോസ്, അസിസ്റ്റന്റ് പ്രൊഫസർ, കില
6. അസിസ്റ്റന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), കില - കൺവീനർ

D) കില ഐ.പി.പി.എൽ കോളേജിൽ നാലുവർഷ യുജി/അഞ്ച് വർഷ ഇന്റഗ്രേറ്റഡ് പി.ജി പ്രോഗ്രാംകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

<u>തീരുമാനം</u> :

നാല് വർഷ ബിരുദ പ്രോഗ്രാം (FYUGP)/അഞ്ച് വർഷ ഇന്റഗ്രേറ്റഡ് പി.ജി കോഴ്സുകൾ ആരംഭിക്കുന്നതിനള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട്

സമർപ്പിക്കുന്നതിനായി താഴെപ്പറയുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു:

1. Dr. Jiju P Alex, Expert Member, Kerala State Planning Board - Chairman
2. Dr.Ajith Kaliyath, Urban Chair Professor, KILA, Thrissur
3. Dr. Shaharban V, Associate Professor & Head in Economics, Chair Person, Board of Studies, P G in Economics, Kannur University
4. Dr. Sudheesh K M, Associate Professor & Head, Department of Political Science, Chair Person, Board of studies in Political Science, Kannur University.
5. Dr. Ashokan A, Director / Principal, KILA Institute of Public Policy and Leadership, Taliparamba , Kannur (Convenor)

E) ജനപ്രതിനിധികൾക്ക് ഹ്രസ്വകാല കോഴ്സുകളും പരിശീലനവും, വിദ്യാർത്ഥികൾക്കും സർവീസിലുള്ളവർക്കും തൊഴിൽ സാദ്ധ്യതയുള്ള ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

<u>തീരുമാനം</u> :

വികേന്ദ്രീകൃത ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ (Climate Change, Disaster Management, Waste Management, Local Economic Development, Watershed Development, etc.) ജനപ്രധിനിധികൾക്കും വിദ്യാർത്ഥികൾക്കും സർവ്വീസിലുള്ളവർക്കും കൂടുതൽ തൊഴിൽ സാധ്യതയുള്ള ഹ്രസ്വ കാല ഓൺലൈൻ /ഓഫ്‌ലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു:

1. Dr. Jiju P Alex, Expert Member, Kerala State Planning Board - Chairman
2. Dr.Ajith Kaliyath, Urban Chair Professor, KILA, Thrissur
3. Dr. Shaharban V, Associate Professor & Head in Economics, Chair Person, Board of Studies, P G in Economics, Kannur University
4. Dr. Sudheesh K M, Associate Professor & Head, Department of Political Science, Chair Person, Board of studies in Political Science, Kannur University.
5. Dr. Ashokan A, Director / Principal, KILA Institute of Public Policy and Leadership, Taliparamba , Kannur (Convenor)

<u>ഐറ്റം നമ്പർ 19</u>

A. കിലയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്
B. കില C.H.R.D. യിലെ വിവിധ അംഗീകൃത തസ്തികകളിൽ ദിവസവേതന

അടിസ്ഥാനത്തിൽ പത്ത് വർഷത്തിലധികമായി സേവനം അനുഷ്ഠിച്ചു വരുന്നവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ പുനപരിശോധിക്കൽ

**തീരുമാനം**

തീരുമാനം പിന്നീട് കൈകൊള്ളുന്നതിനായി മാറ്റിവെച്ചു.

**ഐറ്റം നമ്പർ 20**

അധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ:

**തീരുമാനം**

മറ്റു വിഷയങ്ങളൊന്നും പരിഗണനക്കു വന്നില്ല.

യോഗം 5.15 PM ന് അവസാനിച്ചു

ടിങ്കു ബിസ്വാൾ
എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപെർസൻ &
പ്രിൻസിപ്പൽ സെക്രട്ടറി ,
തദ്ദേശ സ്വയംഭരണ വകുപ്പ്